**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന കോതമംഗലം മൂന്നാർ ഡിവിഷനുകളുടെ പരിധിയിലുള്ള കവളങ്ങാട്, കീരംപാറ, കുട്ടമ്പുഴ പഞ്ചായത്തുകളിലെ വനാതിർത്തിയോട് ചേർന്ന ജനവാസ മേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ വന്യമൃഗശല്യം തടയുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കാട്ടാനയുടെ സാന്നിദ്ധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ മൂന്നിടത്ത് ഏറുമാടം സ്ഥാപിച്ച് നിരീക്ഷണം നടത്തി കൃഷിയിടങ്ങളിൽ പ്രവേശിക്കുന്ന ആനകളെ കാട്ടിലേക്ക് തിരികെ കയറ്റിവിടുന്നതിന് താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ സൗര വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആനകളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി പ്ലാന്റേഷൻ റോഡിൽ വിസ്ത ക്ലിയറൻസ് നടത്തി വരുന്നുണ്ട്. കൂടാതെ മസ്ദൂർമാരും ജീവനക്കാരും അടങ്ങുന്ന സംഘം രാത്രികാല പട്രോളിംഗ് നടത്തി വരുന്നു. |
| (സി) | വന്യമൃഗശല്യം കാരണമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം സമയോചിതമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സൗരോർജ്ജ തൂക്കുവേലികൾ ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിലൂടെ മനുഷ്യ-വന്യമൃഗ സംഘർഷം ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. കോതമംഗലം റെയിഞ്ചിലെ പൂച്ചാകുത്ത്-ചീരമല-കാളപ്പാറ-വെളിയൻചാൽ പ്രദേശത്ത് 10 കി. മീ. ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് NABARD-RIDF |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ അംഗീകാരം ലഭിച്ച് ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ